# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1416** — 20.01.2014-ൽ മറുപടിയ്ക്ക്

## സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ പാതകളുടെയും വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ.ജയരാജ്**<br>**ശ്രീ. പി.സി.ജോർജ്**<br>**,, എം.വി.ശ്രേയാംസ്‌കുമാർ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന പാതകളും പ്രധാന ജില്ലാ പാതകളും കെ.എസ്.ടി.പി മാതൃകയിൽ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത സംസ്ഥാനപാതകളും പ്രധാന ജില്ലാ പാതകളും ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് വികസിപ്പിക്കുന്നതിന് സംസ്ഥാന റോഡ് വികസന പദ്ധതി എന്ന പേരിൽ (എസ്.ആർ.ഐ.പി) ഒരു പദ്ധതിക്ക് ഈ സർക്കാർ രൂപം നൽകിയിട്ടുണ്ട്. |
| (ബി) ഇപ്രകാരം എത്ര കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) ഏകദേശം 1130 കി.മീ റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതിയുടെ ചെലവിലേക്ക് എത്ര തുകയാണ് വകയിരുത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ? | (സി) രണ്ട് ഘട്ടങ്ങളായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായ റീഹാബിലിറ്റേഷൻ പാക്കേജ് (സ്ഥലമേറ്റെടുക്കൽ വേണ്ടാത്തത്) പി.പി.പി/ആന്വറ്റി രീതിയിലും ചില സ്ഥലങ്ങളിൽ വളവുകൾ നിവർത്തുന്നതിനും ജംഗ്ഷൻ വികസിപ്പിക്കുന്നതിനും മറ്റുമായി അത്യാവശ്യ സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന റോഡുകൾ അപ്ഗ്രഡേഷൻ പാക്കേജ് എ.ഡി.ബി പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കിയുമാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ